# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4011 — 24/8/2017-ലെ മറുപടി

# വിവിധ ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അങ്ങാടി-കൊറ്റനാട്, റാന്നി-ചെറുകോൽ, കോട്ടങ്ങൽ-ആനിക്കാട്, അയിരൂർ-കാഞ്ഞീറ്റുകര, എഴുമറ്റൂർ, കൊല്ലമുള എന്നീ ശുദ്ധജല വിതരണ പദ്ധതികളുടെ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുക, എന്തൊക്കെ പ്രവൃത്തികളാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളത്, ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനായി അവശേഷിക്കുന്നത് എന്നിവ വ്യക്തമാക്കാമോ; | (എ) **1. റാന്നി-അങ്ങാടി - കൊറ്റനാട് കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടം**<br>ഈ പദ്ധതിക്ക് 24/4/2015-ൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി 1150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾക്കുള്ള കേന്ദ്ര സഹായത്തിലുണ്ടായ കുറവു നിമിത്തം പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.<br>**2. ചെറുകോൽ-നാരങ്ങാനം കുടിവെള്ള പദ്ധതി**<br>ഈ പദ്ധതിക്കുവേണ്ടിയുള്ള പ്രൊജക്റ്റ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു.<br>**3. മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ കുടിവെള്ളപദ്ധതി - ഒന്നാംഘട്ടം**<br>ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിന് [illegible] ലക്ഷം രൂപയുടെ ഭരണാനുമതി 21.6.2014-ൽ നൽകിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ കിണർ, പമ്പ്ഹൗസ്, ജല ശുദ്ധീകരണശാല എന്നിവയുടെ പ്രവർത്തികൾ പുരോഗമിക്കുന്നു.<br>**4. മല്ലപ്പള്ളി-ആനിക്കാട് കോട്ടങ്ങൽ കുടിവെള്ളപദ്ധതി (ഭാഗികം) - രണ്ടാം ഘട്ടം**<br>മല്ലപ്പള്ളി-ആനിക്കാട്-കോട്ടങ്ങൽ കുടിവെള്ളപദ്ധതിയുടെ രണ്ടാം ഘട്ടത്തിന് സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പിങ് മെയിനുകൾ, ജലസംഭരണികൾ, പമ്പ്ഹൗസുകൾ, പമ്പ്സെറ്റുകൾ എന്നിവയാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പമ്പിങ് മെയിനുകളുടെയും. |

ജലസംഭരണികകളുടെയും എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു.

5. **<u>അയിരൂർ-കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതി - ഒന്നാംഘട്ടം</u>**

അയിരൂർ-കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 1400 ലക്ഷം രൂപയുടെ ഭരണാനുമതി 13/8/2013-ൽ നൽകിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കിണർ, പമ്പ്ഹൗസ്, ജലശുദ്ധീകരണശാല, റാ-വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാലയിൽ നിന്നും കാഞ്ഞേറ്റുകര സംഭരണിയിലേക്കും തേക്കുങ്കൽ സംഭരണിയിലേക്കുമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റാ-വാട്ടർ പമ്പ്സെറ്റ്, ഇലക്ട്രിക് സബ്സ്റ്റേഷൻ കെട്ടിടം എന്നിവയുടെ പണികൾ പൂർത്തിയായിക്കഴിഞ്ഞു. ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ നിർമ്മാണം പുരോഗമിക്കുന്നു.

6. **<u>അയിരൂർ-കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതി - രണ്ടാം ഘട്ടം</u>**

അയിരൂർ-കാഞ്ഞേറ്റുകര കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ടത്തിന് ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി 2800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിതരണശൃംഖലയാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു.

7. **<u>ഏഴുമറ്റൂർ ശുദ്ധജലവിതരണപദ്ധതി - ഒന്നാംഘട്ടം</u>**

ഏഴുമറ്റൂർ ശുദ്ധജലവിതരണപദ്ധതിയുടെ ഒന്നാംഘട്ടത്തിന് 591 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങളിൽ റാ-വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർണമായും, ഗ്രാവിറ്റി ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ഭാഗികമായും പൂർത്തീകരിച്ചുകഴിഞ്ഞു.

എന്നാൽ ഏഴുമറ്റൂർ പഞ്ചായത്ത് കൂടിയുൾപ്പെടുന്ന പുറമറ്റം, കല്ലൂപ്പാറ, കുന്നംതാനം, കോയിപ്രം, ഇരവിപേരൂർ, തോട്ടപ്പുഴശ്ശേരി എന്നീ പഞ്ചായത്തുകൾക്ക് പ്രയോജനം

ചെയ്യുന്ന സമഗ്ര കുടിവെള്ള പദ്ധതിക്ക് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള സ്ഥലമേറ്റെടുക്കൽ പുരോഗമിക്കുന്നതിനാൽ ഏഴുമറ്റൂർ ശുദ്ധജലവിതരണപദ്ധതിയുടെ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റി നിർത്തിവച്ചിരിക്കുകയാണ്.

8. **<u>കൊല്ലമുള കുടിവെള്ളപദ്ധതി-ഒന്നാംഘട്ടം</u>**

കൊല്ലമുള കുടിവെള്ളപദ്ധതിയുടെ ഒന്നാംഘട്ടത്തിന് 800 ലക്ഷംരൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ജലശുദ്ധീകരണശാല മുതൽ വെൺകുറിഞ്ഞി സമ്പ് വരെയും വെൺകുറിഞ്ഞി മുതൽ പാമ്പിരികടംപാറ വരെയുമുള്ള പമ്പിംഗ് മെയിനുകൾ, വെൺകുറിഞ്ഞിയിലെ സമ്പ്, പമ്പ്ഹൗസ് എന്നിവ ഇതിനൊടകം പൂർത്തിയാക്കിക്കഴിഞ്ഞു. വെൺകുറിഞ്ഞി മുതൽ ഓലിക്കൽ വരെയുള്ള പമ്പിംഗ് മെയിനിന്റെ പ്രവൃത്തികൾക്ക് കരാർ നൽകിയെങ്കിലും നാളിതുവരെ പണികളാരംഭിക്കാത്തതിനാൽ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. ഓലിക്കൽ മുതൽ തലമുട്ടിയാണി വരെയുള്ള പമ്പിംഗ് മെയിൻ, ഓലിക്കലിലെ സമ്പും പമ്പ്ഹൗസും തലമുട്ടിയാണിയിലെ ജലസംഭരണി എന്നിവയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു. പദ്ധതിയുടെ ട്രാൻസ്ഫോർമർ, സബ്സ്റ്റേഷൻ, പമ്പ്സെറ്റ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്.

(ബി) ഇതിൽ ഏതൊക്കെ പദ്ധതികളുടെ നടത്തിപ്പിനായാണ് ഭൂമി ഏറ്റെടുക്കേണ്ടി വരിക; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവയുടെ പുരോഗതി വ്യക്തമാക്കാമോ?

(ബി) മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളിൽ ഏഴുമറ്റൂർ, പുറമറ്റം, കല്ലൂപ്പാറ, കുന്നംതാനം, കോയിപ്രം, തോട്ടപ്പുഴശേരി എന്നി പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ളപദ്ധതിക്കാവശ്യമായ ഭൂമിയേറ്റെടുക്കൽ റവന്യൂവകുപ്പുമായിച്ചേർന്ന് പുരോഗമിച്ചു വരുന്നു.

ചെറുകോൽ-നാരങ്ങാനം പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

Reel

സെക്ഷൻ ഓഫീസർ

JSK/